# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26
## ഗവ. എച്ച്.എസ്.എസ്. ഭരതന്നൂർ

GOVT. HIGHER SECONDARY SCHOOL
PIN 695 609
BHARATHANNOOR

# ഉള്ളടക്കം


1. ആമുഖം
2. മലയാളം
3. ഇംഗ്ലീഷ്
4. ഹിന്ദി
5. ഗണിതം
6. ശാസ്ത്രം
7. സാമൂഹ്യ ശാസ്ത്രം
8. ഐ.റ്റി
9. അറബിക്
10. ആരോഗ്യ കായിക വിദ്യാഭ്യാസം
11. കലാ വിദ്യാഭ്യാസം


GOVT. HIGHER SECONDARY SCHOOL
PIN:695 609
BHARATHANNOOR

# ആമുഖം

ചരിത്ര പ്രാധാന്യമുള്ള പാങ്ങോട് ഗ്രാമപഞ്ചായത്തിൽ ദേശ സ്നേഹത്തിന്റെയും പരസ്പര സഹകരണത്തിന്റെയും ഈറ്റില്ലമായ ഭരതന്നൂർ ദേശത്തിന്റെ യശ്ശസ് ഉയർത്തി നിൽക്കുന്ന വിദ്യാലയമാണ് ഗവ.എച്ച് എസ് എസ് ഭരതന്നൂർ.കാർഷിക.വൃത്തിയെ ആശ്രയിച്ച കഴിയുന്ന ഒരു കൂട്ടം സാധാരണക്കാർക്ക് പ്രാഥമിക വിദ്യാഭ്യാസം നിറവേറ്റാനായി 1923-ൽ ആരംഭിച്ച പ്രൈമറി സ്കൂൾ 1958-ൽ എച്ച് എസ് ആയും,2000 സെപ്റ്റംബറിൽ എച്ച് എസ് എസ് ആയും ഉയർത്തപ്പെട്ടു. ഈ സ്കൂളിൽ ഇപ്പോൾ 42 ക്ലാസ് മുറികളുണ്ട് .ഇന്നിവിടെ 1550-ലധികം കുട്ടികൾ പഠിച്ച് വരുന്നു.ഒരു പ്രിൻസിപ്പാൾ , ഹെഡ് മാസ്റ്റർ, 67 അദ്ധ്യാപകർ ,2 ക്ലർക്ക് ,1 ഓഫീസ് അറ്റൻഡന്റ് , 2 എഫ് ടി എം -നിലവിലുണ്ട് .സമൂഹത്തിലെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരും ,പുരസ്കാര ജേതാക്കളുമായ നിരവധി പ്രഗത്ഭരെ വാർത്തെടുക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന കായിക , ശാസ്ത്ര യുവജനോത്സവ ഗണിത ,ഐ റ്റി പ്രവർത്തിപരിചയ മേളകളിലെ സ്ഥിര സാന്നിദ്ധ്യമാണ് ഞങ്ങളുടെ വിദ്യാർത്ഥികൾ .ശാസ്ത്ര മേഖലയിൽ യുവ ശാസ്ത്രജ്ഞരെ വാർത്തെടുക്കാൻ പര്യാപ്തമായ രീതിയിൽ പ്രവർത്തിക്കുന്ന YIP പ്രോഗ്രാം നമ്മുടെ സ്കൂളിൽ ഭംഗിയായി നടന്നുവരുന്നു. നൂതന സാങ്കേതിക വിദ്യയായ റോബോട്ടിക്,ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിൽ കുട്ടികളുടെ കഴിവുകൾ പ്രയോജനപ്പെടുത്താൻ പര്യാപ്തമായ രീതിയിൽ കുട്ടികളെ വാർത്തെടുക്കാൻ ആവശ്യമായ അഡൽറ്ററിംഗറിങ് ലാബ് ഒരു സബ്ജില്ലയിൽ ഒന്നുമാത്രമാണ്. അത് വളരെ നല്ല രീതിയിൽ പ്രവർത്തനം നടക്കുന്ന സ്കൂളാണ് നമ്മളുടേത്. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികളും ആർജ്ജിക്കേണ്ട കഴിവുകൾ നേടിയെടുക്കാനായി കുട്ടികളെ പരിശീലിപ്പിക്കുന്നതിനു "ശ്രദ്ധ" വളരെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.തുല്യതയിലൂന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു.ലോക ഭാഷയായ ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാനും സംസാരിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്ന GOTEC പരിശീലന പദ്ധതി 7,8 ക്ലാസ്സിലെ കുട്ടികൾക്ക് നല്ല രീതിയിൽ നടത്തുന്നു . ഇവ കൂടാതെ എസ് പി സി , സ്കൗട്ട് ആൻഡ് ഗൈഡ്സ് , ലിറ്റിൽ കൈറ്റ്സ് , ജെ ആർ സി- വിവിധ വിഷയങ്ങളിലെ ക്ലബ്ബുകൾ , ഹെൽത്ത് ക്ലബ്, എക്കോ ക്ലബ്, ഗാന്ധി ദർശൻ , വിദ്യാരംഗം കല സാഹിത്യ വേദി- മുതലായവയും വായനയിലൂടെ അറിവിന്റെ വിശാലമായ വിഹായസ്സിലേക്ക് പറന്നുയരുന്നതിന് കുട്ടികളെ പര്യാപ്തമാക്കുന്ന ഗ്രന്ഥപ്പുരയും ,വിശ്രമ വേളകളിൽ പുസ്തകങ്ങളുമായി ചങ്ങാത്തം കൂടാൻ പ്രാപ്തരാക്കുന്ന രീതിയിലുള്ള വായനാമുറിയും നമ്മുടെ സ്കൂളിന്റെ പ്രത്യേകതയാണ്. ബസ് സൗകര്യം ഇല്ലാത്ത മേഖലകളിലുള്ള കുട്ടികളെ കൃത്യ സമയത്ത് സ്കൂളിൽ എത്തിക്കാൻ വാഹനസൗകര്യവുമുണ്ട്.

എസ് എസ് എൽ സി പരീക്ഷകളിൽ ഓരോ വർഷവും അഭിമാനാർഹമായ വിജയം ഈ സ്കൂൾ കൈവരിക്കുന്നുണ്ട് .യു എസ് എസ് , NMMS , മാത്സ് ടാലെന്റ് പരീക്ഷ എന്നിങ്ങനെയുള്ള മത്സര പരീക്ഷകളിലും നമ്മുടെ കുട്ടികൾ ജ്വലിച്ച് നിൽക്കാറുണ്ട്.ഹയർ സെക്കണ്ടറി വിഭാഗത്തിൽ തുടർച്ചയായി 1200 -നു 1200 മാർക്ക് വാങ്ങി നമ്മുടെ കുട്ടികൾ സ്കൂളിന്റെ നക്ഷത്രങ്ങളാവുകയും സ്കൂളിനെ സൂര്യശോഭയോടെ നിലനിർത്തുകയും ചെയ്യുന്നു.ഈ വർഷത്തെ പ്ലസ് വൺ പരീക്ഷയിൽ 520 നു 519 മാർക് നേടി നമ്മുടെ കുട്ടികൾ സ്കൂളിനെ തലയെടുപ്പുള്ളതാക്കി മാറ്റി.

## പ്രതിസന്ധികളും പരിമിതികളും

ഈ വിദ്യാലയതതത്തിൽ പഠിക്കുന്നതിൽ 40 ശതമാനം കുട്ടികൾ എസ് സി , എസ് ടി വിഭാഗത്തിൽ പെട്ടവരും , 60 ശതമാനം രക്ഷിതാക്കളും BPL വിഭാഗത്തിൽപ്പെട്ടവരുമാണ് ഇവരുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കാറുണ്ട്.ഇക്കാരണത്താൽ തന്നെ രക്ഷിതാക്കളുടെ പൂർണ സഹകരണം വിദ്യാലയ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നില്ല.കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുടെ പരിമിതിയും ഐ റ്റി പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.ഐ.സി.റ്റി ടെക്നോളജി ഉപയോഗിച്ച് ക്ലാസുകൾ കൈകാര്യം ചെയ്യാൻ ആവശ്യമായ ലാപ്ടോപ്പിന്റെയും , പ്രോജെക്ടറിന്റെയും അഭാവം. പൊതുവായ ഒരു അക്കാദമിക് പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ ഒരു സെമിനാർ ഹാൾ നമുക്കില്ല

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസിൽ പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. പത്താം ക്ലാസ് കഴിഞ്ഞ് പുറത്തുവരുന്ന എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
3. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളും ചതുഷ്ക്രിയകളും സ്വായത്തമാക്കി എന്ന് ഉറപ്പുവരുത്തുക.
4. കായിക കലാസാഹിത്യ ശാസ്ത്ര, ഗണിത പ്രവർത്തി പരിചയ മേളകളിൽ സംസ്ഥാന തലത്തിലും ദേശീയ തലത്തിലും മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പിലാക്കി ലക്ഷ്യസ്ഥാനത്തിൽ എത്തിച്ചേരുക.
5. വായനയെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും എല്ലാകുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നുവെന്നും ഉറപ്പുവരുത്തുക.
6. എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമായ വിധം മികച്ച നിലയിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പാക്കുക.
7. കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക.
8. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
9. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടാൻ ആഗ്രഹിക്കുന്നു.
10. പൊതു വിജ്ഞാനരംഗത്ത് മികച്ച പ്രതിഭകളെ വാർത്തെടുക്കുന്ന തരത്തിലുള്ള ക്വിസ് കോർണർ സംവിധാനം ഏർപ്പെടുത്തുക.
11. ആരോഗ്യം ശുചിത്വം എന്നിവ പരിപാലിക്കേണ്ടത് പൗരന്റെ ചുമതലയാണെന്ന ബോധം വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
12. തൊഴിൽ നൈപുണ്യം വളർത്തുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
13. ഫലപ്രദമായ ആരോഗ്യകായിക പഠനത്തിലൂടെയും ചിട്ടയായ പരിശീലനത്തിലൂടെയും ആരോഗ്യവാന്മാരായ പുതിയ തലമുറയെ വാർത്തെടുക്കുക.

# മലയാളം

ലക്ഷ്യം : എല്ലാ കുട്ടികളേയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക
കാലയളവ് : ജൂൺ മുതൽ ഫെബ്രുവരിവരെ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമഗ്രി | ചുമതല | പിന്തുണ/ വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | വായിക്കാനും എഴുതാനും ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തൽ | ഓരോ ക്ലാസിലും മലയാളം പഠിപ്പിക്കുന്ന അധ്യാപകർ ലഘുചോദ്യങ്ങൾ നൽകിവായിക്കാനും എഴുതുവാനും ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ 15 ജൂൺ 25 | ലഘുചോദ്യങ്ങൾ | ഓരോ ക്ലാസിലും മലയാളം പഠിപ്പിക്കുന്ന അധ്യാപകർ | കുട്ടികൾ എഴുതിയ/ വായിച്ച ചോദ്യങ്ങൾ വിലയിരുത്തുന്നു. |
| 2 | അക്ഷര ബോധനം നടത്തുന്നു. | അക്ഷരങ്ങൾ എഴുതിയ കാർഡുകൾ പ്രദർശിപ്പിക്കുന്നു. അക്ഷരങ്ങൾ തിരിച്ചറിയുന്നു. അക്ഷരമാലകൾ എഴുതാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ 26 ജൂൺ 31 | അക്ഷര കാർഡ് അക്ഷരമാലാ പുസ്തകം ICTസാധ്യത ഉപയോഗപ്പെടുത്തുന്നു. | മലയാളം അധ്യാപകർ | കുട്ടികളുടെ നോട്ട് ബുക്കുകൾ നോക്കി വിലയിരുത്തുന്നു. വിലയിരുത്തൽ ചോദ്യങ്ങൾ നൽകി ശേഷികൾ ആർജ്ജിച്ചിട്ടുണ്ടോയെന്ന് മനസ്സിലാക്കുന്നു. |
| 3 | ചിഹ്ന ബോധനം | ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് എഴുതാൻ പരിശീലിപ്പിക്കുന്നു. | ആഗസ്റ്റ് 1 ഒക്ടോബർ 15 | ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. ചിഹ്നങ്ങൾ എഴുതിയ കാർഡ് പ്രദർശിപ്പിക്കുന്നു. | മലയാളം അധ്യാപകർ | കേട്ടെഴുത്തുകൾ ലഘു പരീക്ഷകൾ തുടങ്ങിയവ നടത്തുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| 4 | കുട്ടികൾക്ക് വായനക്കുള്ള പരിശീലനം നൽകുക | ചെറിയ കഥാബുക്കുകൾ നൽകി കുട്ടികളെ വായിപ്പിക്കുന്നു. സചിത്ര കാർഡുകൾ നൽകി വായിപ്പിക്കുന്നു. എൽ. പി ക്ലാസിലെ പാഠപുസ്തകങ്ങൾ നൽകി വായിപ്പിക്കുന്നു. 8,9,10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ നൽകി വായിപ്പിക്കുന്നു. | ഒക്ടോബർ 15 — ഡിസംബർ 15 | സചിത്ര കാർഡുകൾ എൽ.പി പാഠ പുസ്തകങ്ങൾ കഥാബുക്കുകൾ വായനാ മൂല ക്രമീകരിക്കുന്നു. | മലയാളം അധ്യാപകർ | ആനുകാലികങ്ങൾ വായിപ്പിക്കുന്നു. പാഠപുസ്തകങ്ങൾ വായിപ്പിക്കുന്നു. |
| 5 | ആശയവിഷ്കാര ശേഷി വികസിപ്പിക്കുക | ICT സാധ്യത പ്രയോജനപ്പെടുത്തി കഥാ ചിത്രങ്ങൾ നൽകി കഥമെനയാൻ ആവശ്യപ്പെടുന്നു. കഥാ പൂരണ പ്രവർത്തനങ്ങൾ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകി വിവിധ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു. | ജനുവരി 1– ജനുവരി 30 | കഥാപുസ്തകങ്ങൾ ലൈബ്രറി പുസ്തകങ്ങൾ തുടങ്ങിയവ പ്രയോജനപ്പെടുത്തുന്നു. | മലയാളം അധ്യാപകർ | കഥാപൂരണ പ്രവർത്തനങ്ങൾ വിവിധ വ്യവഹാരങ്ങൾ |
| 6 | ലക്ഷ്യം പൂർത്തീകരിച്ചോ എന്നറിയാനുള്ള വിലയിരുത്തലുകൾ | അക്ഷര ബോധനം, ചിഹ്ന ബോധനം, വായന, ആശയപ്രകടനം തുടങ്ങി വിവിധ മേഖലകളിലുള്ള ചോദ്യരൂപങ്ങളിലൂടെ കുട്ടികൾ ആർജ്ജിച്ച ശേഷികൾ പരിശോധിക്കുന്നു. | ഫെബ്രുവരി | ചോദ്യപേപ്പർ | മലയാളം അധ്യാപകർ | പിന്നോക്ക ആവശ്യമുള്ളവർക്ക് തുടർ പ്രവർത്തനം നൽകുന്നു. |
| 7 | ഭിന്നശേഷികുട്ടികൾക്കുള്ള പ്രവർത്തനം | ഓരോകുട്ടികൾക്കും അനുയോജ്യമായ രീതിയിൽ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. | ജൂൺ– ഫെബ്രുവരി | സചിത്ര കാർഡുകൾ ICT സാധ്യത | റിസോഴ്സ് അധ്യാപരുടെ സേവനം | പിന്നോക്ക ആവശ്യമുള്ളവർക്ക് തുടർ പ്രവർത്തനം നൽകുന്നു. |

# ENGLISH

## Objectives

- To enhance reading, writing, listening and speaking skills of the learners.
- To develop critical and creative thinking of the learners.
- To improve the pronunciation and vocabulary of the students.

**1. Name of Activity : Diary writing**

**Aim : Learning of English Language**

| Objectives | Activities | Duration | Responsibility | Source of income |
|---|---|---|---|---|
| To develop the writing skill of each learners | Write the daily events that happens in the home and school briefly | 5 days In a week | English Teacher | |

**2. Name of Activity : English Assembly**

**Aim : Use of Language**

| Objectives | Activities | Duration | Responsibility | Source of income |
|---|---|---|---|---|
| To enhance the LSRW skills of learners | Students will have to conduct English Assembly All the programmes will be in English language only | Once in a month | English Club | |

**3. Name of Activity : English corner**

| Objectives | Activities | Duration | Responsibility | Source of income |
|---|---|---|---|---|
| To create an English atmosphere in the classroom | Collect English Articles, short stories, poems etc... and distribute to students and paste English News, riddles etc... in their classroom. | Twice in a month | English Teacher | |

**4. Name of Activity : Reading Newspaper**

| Objectives | Activities | Duration | Responsibility | Source of income |
|---|---|---|---|---|
| This will enhance the reading ability of students | All the students are asked to read and prepare news report of their own daily. This will encourage the writing ability also 5 minutes will be spent on news reading in class. It develop their speaking skill | Daily | English Teacher | |

**5. Name of Activity : cross word Puzzle**

| Objectives | Activities | Duration | Responsibility | Source of income |
|---|---|---|---|---|
| Language learning through games | Make crossword puzzle chart. Allot one week to find the answer to learners. Winners will announce after taking lots | Once in a month | English Club | |

**6. Name of Activity : Empowerment of libraries**

| Objectives | Activities | Duration | Responsibility | Source of income |
|---|---|---|---|---|
| Make learners to interact with different literary forms | Collect more library text through home visit. Classify texts, arrange them and make registers to keep them | Twice in a week | English Teacher, Librarian | |

**7.Name of Activity: Dramatization**

| Objectives | Activities | Duration | Responsibility |
|---|---|---|---|
| Enhance the Presentation skill of Learners | English Assembly, Skit, Puppet Show<br><br>Explore suitable situation from lessons and perform skit and puppet show | Class room activities<br><br>Twice in a month | English teachers<br><br>English Club |

**8. Meeting Native Speakers**

| Objectives | Activities | Duration | Responsibility |
|---|---|---|---|
| Enrichment of listening and speaking | Meeting a Foreigner<br><br>(GOTEC) | Once in a the Academic Year | English Club |

**9. Story Telling**

| Objectives | Activities | Duration | Responsibility |
|---|---|---|---|
| Highlights performance Skills | Story telling<br><br>With proper stress and intonation, Learner tells stories | Once in a week (On Fridays) | English Club |

## എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം. തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.<br>ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതൽ പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാനും പറയുന്നു.<br>വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്ന വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി, എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ. തുടങ്ങിയവ നൽകുന്നു. | ഡിസംബർ- ജനുവരി |

## ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകം വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യ ഘടന പരിചയപ്പെടുത്തുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നാമം, സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. ചെറിയ കവിത, കഥ പൂരിപ്പിക്കാൻ നൽകുന്നു. ക്ലാസ്സിൽ മൂല്യ നിർണ്ണയം നടത്തുന്നു. സൂചന ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | മധ്യം<br>ആഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകി കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘകാലം<br>ഡിസംബർ – നവംബർ |

പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെ ഭാഷാ വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ആഗസ്റ്റ് – സെപ്റ്റംബർ– ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയാക്കി മാറ്റുവാനറിയിന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു. ഡയറി എഴുതാനറിയുന്നു. | പാഠ ഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാ പാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ നൽകുന്നു. എല്ലാം ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘകാലം<br>നവംബർ– ജനുവരി |

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രി ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യവാരം | 5.6.7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN..SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |

| | | | | | |
|---|---|---|---|---|---|
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും . കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | മൂൺ ര ണ്ടാം വാ രം | 5,6 ,7 | ഹിന്ദി അധ്യാപ കർ. മറ്റു ഭാഷാധ്യാ പകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം . എന്നിവയുടെ ദൈനംദിന അവതരണം | പ്രതി ദിനം | 5,6 ,7 | ഹിന്ദി അധ്യാപ കർ | |
| 4 | CWSN,SLOW LEARNERSകുട്ടികൾക്കായി പ്രത്യേകം പസിലുകൾ. ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആ ഴ്ച യിൽ ഒരു പ്രാ വ ശ്യം | 5,6 ,7 | ഹിന്ദി അധ്യാപ കർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ. ജീവനികൾ. ആത്മകഥകൾ. കവിതകൾ. കഥകൾ എന്നിവ വായിപ്പിക്കുക. | ആ ഴ്ച യിൽ ഒരു പ്രാ വ ശ്യം | 5,6 ,7 | ഹിന്ദി അധ്യാപ കർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി | ദിനാ ചര | 5,6 ,7 | ഹിന്ദി അധ്യാപ | |

| | | | | | |
|---|---|---|---|---|---|
| | നടത്തുക. | സേവ്യുമായി ബന്ധപ്പെട്ട് | | കർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5.6.7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5.6.7 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി.<br>സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5.6.7 | ഹിന്ദി അധ്യാപകർ. ക്ലാസ്സ് അധ്യാപകർ. മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 5.6.7 | ഹിന്ദി അധ്യാപകർ. ക്ലാസ്സ് അധ്യാപകർ. മറ്റു അധ്യാപകർ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി റിസൾട്ട് അടിസ്ഥാനമാക്കി മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, [illegible] [illegible] കുട്ടികൾ അധ്യാപകർ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപെട്ടിയുടെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | | [illegible] ഗ്രാന്റ് |
| 3.ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പിടിഎ | പിടിഎ |

| | | | | |
|---|---|---|---|---|
| 4.ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ , അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ , ഗണിത ക്ലബ്ബ് | പിടിഎ |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| 6.അധ്യാപകർ കാലാനുസൃതമായി മികച്ച് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |

1

| | | | | |
|---|---|---|---|---|
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികവ് [illegible] | ഗണിത ക്ലാസ് കളികൾ, ക്ലാസ്സ് സഹിത പ്രവർത്തനങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | [illegible] സാധാരണ ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്, മാനേജ്മെന്റ് |
| 8.ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 9 ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | മെയ് - ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |

| | | | | |
|---|---|---|---|---|
| 10.രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ . നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, ഹെഡ്മാസ്റ്റർ ,പിടിഎ പ്രസിഡണ്ട് | |

4)കുട്ടിയെ അറിയാം വിടറിയാം പദ്ധതി -പഠനപിന്നോക്കാവസ്ഥയ്ക്ക് പലപ്പോഴും കാരണമാകുന്നത് കുട്ടികളുടെ ശാരീരികവും മാനസികവുമായി നേരിടുന്ന പ്രശ്നങ്ങളാണ്.ഇവ കണ്ടെത്തി പരിഹരിക്കുമ്പോഴാണ് ശാസ്ത്രപഠനത്തിൽ ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നത്.ഓരോ കുട്ടിയുടേയും ശാരീരിക – മാനസിക – സാമൂഹിക പ്രത്യേകതകൾ രേഖപ്പെടുത്തുവാൻ ഒരു നിശ്ചിത ഫോർമാറ്റ് വികസിപ്പിക്കുന്നു.ഇൻ മാസത്തിൽ പിന്തുണാസംവിധാനങ്ങളുടെ സഹായത്താൽ പ്രവർത്തനം ഊർജിതമാക്കുന്നു.

5)ജൈവവൈവിധ്യപാർക്ക് - പ്രകൃതിയെ അറിയാനും പരിസരവും വിദ്യാലയവും ഒരു പാഠപുസ്തകം എന്ന ആശയത്തിലൂന്നിയും അനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കാൻ വിദ്യാലയങ്ങളിൽ ജൈവവൈവിധ്യപാർക്ക് വികസിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി ലഭ്യമായ സ്ഥലത്ത് പ്രകൃതിയുടെ ഒരു പരിച്ഛേദം രൂപപ്പെടുത്തുകയാണ് വേണ്ടത്.പ്രകൃതിയിലെ ആവാസവ്യവസ്ഥ പാലിക്കുന്ന പരിച്ഛേദമാകണം ജൈവവൈവിധ്യപാർക്ക്. ഇതിനുതകുംവിധം പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയണം.

6)തനത് പ്രവർത്തനങ്ങൾ – ശാസ്ത്ര സഹായത്താൽ നിത്യോപയോഗ – ഗാർഹിക വസ്തുക്കളുടെ നിർമ്മാണം വിതരണം. ഇതിലൂടെ സാമൂഹ്യ പ്രതിബദ്ധത,തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നീ ശേഷികൾ വികസിക്കുന്നു.

## പ്രവർത്തന പദ്ധതി - വിശകലനം - ജൂൺ ,ജൂലൈ

### 1)മുന്നൊരുക്ക പദ്ധതി -

പ്രശ്നം -1 8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമായും സ്വായത്തമാക്കാൻ കഴിയുന്നില്ല.

പ്രവർത്തനം - പഠന നിലവാര നിർണയം പരിഹാരബോധനവും .

ലക്ഷ്യം - 8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമായും കൈവരിക്കുക .

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രീ ടെസ്റ്റ് ചോദ്യപേപ്പർ | വിഷയ സമിതി | ജൂൺ ആദ്യവാരം | 500 | പി.ടി.എ |
| പ്രീ ടെസ്റ്റ് നടത്തൽ | വിഷയ സമിതി | അവധി ദിവസം | ഇല്ല | |
| മൂല്യനിർണയം | വിഷയ സമിതി | ജൂൺ രണ്ടാം വാരം | ഇല്ല | |
| ഗ്രൂപ്പ് രൂപീകരണം | വിഷയ സമിതി | ജൂൺ രണ്ടാംവാരം | ഇല്ല | |
| പരിഹാര ബോധന ക്ലാസുകൾ | വിഷയ സമിതി | ജൂൺ മൂന്നാംവാരം | 1000 | പി.ടി.എ |

## 2) കൂട്ടുകാർക്കൊപ്പം കൂട്ടുകൂടാം പദ്ധതി

പ്രശ്നം -2 8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമായും സ്വായത്തമാക്കാൻ കഴിയുന്നില്ല.

പ്രവർത്തനം - ലോക്കൽ ടെസ്റ്റ്, പഠനഗ്രൂപ്പ് ഉണ്ടാക്കൽ

ലക്ഷ്യം - 8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമായും കൈവരിക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രാദേശിക പാഠ നിർമ്മാണം | വിഷയ സമിതി | ജൂലൈ ആദ്യവാരം | 1500 | പി.ടി.എ |
| പഠന ഗ്രൂപ്പ് നിർമ്മാണം | വിഷയ സമിതി | ജൂലൈ രണ്ടാംവാരം | ഇല്ല | |
| പ്രാദേശിക പാഠ വിനമയം | വിഷയ സമിതി | ജൂലൈ മൂന്നാം വാരം | ഇല്ല | |

**3)മികവ് പദ്ധതി -പ്രശ്നം -3** 8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും സ്വയം പ്രശ്നപരിഹരണത്തിന്റെ ഭാഗമായി പരീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല.

**പ്രവർത്തനം - ക്ലാസ് തല പ്രക്രിയകളും -പ്രവർത്തനങ്ങളും ആസൂത്രണം**

**ലക്ഷ്യം - 8,9,10** ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമമായും കൈവരിക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| യൂണിറ്റ് ആസൂത്രണം | വിഷയ സമിതി | മെയ് മൂന്നാംവാരം | ഇല്ല | |
| ലാബ് സജ്ജീകരണം | വിഷയ സമിതി,എസ്.എസ് .ജി | ജൂൺ ആദ്യവാരം | 20,000 | പി.ടി.എ |
| പ്രവർത്തനങ്ങൾ തയ്യാറാക്കൽ | വിഷയ സമിതി,എസ്.ആർ.ജി | മെയ് മൂന്നാംവാരം | | |

## 4)കുട്ടിയെ അറിയാം വിടറിയാം പദ്ധതി

**പ്രശ്നം -4** 8,9,10 കുട്ടികൾക്ക് മനോഭാവങ്ങൾ , മൂല്യങ്ങൾ, തീരുമാനമാനമെടുക്കൽ തുടങ്ങിയ മേഖലയിലെ ശേഷിവികാസം കുറവ്.

**പ്രവർത്തനം - കുട്ടിയുടെ സാമൂഹിക – വൈകാരിക പ്രശ്നങ്ങൾ തിരിച്ചറിയാൻ.**

**ലക്ഷ്യം - 8,9,10** കുട്ടികൾക്ക് മനോഭാവങ്ങൾ , മൂല്യങ്ങൾ, തീരുമാനമാനമെടുക്കൽ തുടങ്ങിയ മേഖലയിലെ ശേഷിവികാസം കൈവരിക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ദത്ത ശേഖരണം | വിഷയ സമിതി | മെയ് മൂന്നാംവാരം | ഇല്ല | |
| കൗൺസലിംഗ് ക്ലാസുകൾ | വിഷയ സമിതി,എസ്.എസ് .ജി | ജൂൺ രണ്ടാംവാരം | 3000 | പി.ടി.എ |
| അയൽപക്ക പഠന കൂട്ടായ്മ | വിഷയ സമിതി,എസ്.ആർ.ജി | ആഗസ്റ്റ് | | |
| പ്രാദേശിക പരിപാടി രൂപീകരണം | എസ്.എസ് .ജി,എസ്.ആർ.ജി | | | |

**5) a.തനത് പ്രവർത്തനങ്ങൾ – സ്കൂൾ തലം**

പ്രശ്നം -5 8,9,10 കുട്ടികൾക്ക് സാമൂഹ്യ പ്രതിബദ്ധത,തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നീ ശേഷികൾ വികസിക്കുന്നതിലുള്ളകുറവ്.

പ്രവർത്തനം - ശാസ്ത്ര സഹായത്താൽ നിത്യോപയോഗ – ഗാർഹിക വസ്തുക്കളുടെ നിർമ്മാണം വിതരണം.

ലക്ഷ്യം - 8,9,10 കുട്ടികൾക്ക് മനോഭാവങ്ങൾ , മൂല്യങ്ങൾ, തീരുമാനമാനമെടുക്കൽ തുടങ്ങിയ മേഖലയിലെ ശേഷീവികാസം കൈവരിക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രവത്തനക്രമം | വിഷയ സമിതി ,എസ്.എസ് .ജി | ആഗസ്റ്റ് | 50000 | മാനേജർ |
| പ്രവർത്തനഗ്രൂപ്പ് | വിഷയ സമിതി,എസ്.എസ് .ജി | ആഗസ്റ്റ് | | പി.ടി.എ |
| അസംസ്കൃത വസ്തുക്കൾ ശേഖരണം | വിഷയ സമിതി,എസ്.ആർ.ജി | ആഗസ്റ്റ് | | |
| ഉൽപ്പന്ന നിമ്മാണം | എസ്.എസ് .ജി,എസ്.ആർ.ജി | | | |

**6)ജൈവവൈവിധ്യപാർക്ക് -**

പ്രശ്നം -6

8,9,10 കുട്ടികൾക്ക് വിദ്യാലയം,പ്രകൃതി എന്നിവ ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

പ്രവർത്തനം - ആവാസവ്യവസ്ഥയുടെ പരിച്ഛേദമായ ജൈവവൈവിധ്യപാർക്ക് നിർമ്മാണം .

ലക്ഷ്യം - കുട്ടികൾക്ക് വിദ്യാലയം,പ്രകൃതി എന്നിവ ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രവർത്തനക്രമം | വിഷയ സമിതി ,എസ്.എസ് .ജി | ആഗസ്റ്റ് | 200000 | മാനേജർ |
| പ്രവർത്തനഗ്രൂപ്പ് | വിഷയ സമിതി,എസ്.എസ് .ജി | ആഗസ്റ്റ് | | പി.ടി.എ |
| സ്ഥല നിർണയം | വിഷയ സമിതി,എസ്.ആർ.ജി | ആഗസ്റ്റ് | | എസ്.എസ് .ജി |
| നിർമാണ പ്രവർത്തനം | എസ്.എസ് .ജി,എസ്.ആർ.ജി | | | |

## പഠനാനുബന്ധപ്രവർത്തനങ്ങൾ- വ്യക്തിഗതം | ക്ലാസ് തലം | സ്കൂൾ തലം

**1)തനത് പ്രവർത്തനങ്ങൾ –**

പ്രശ്നം -7 8,9,10 കുട്ടികൾക്ക് സാമൂഹ്യ പ്രതിബദ്ധത, തീരുമാനമെടുക്കൽ എന്നിവയിൽ ശേഷി വികസിക്കുന്നതിലുള്ള കുറവ്.

പ്രവർത്തനം - പരിസ്ഥിതി ആഘാതങ്ങൾ മനസിലാക്കുന്നു, ജലസ്രോതസുകളുടെ മലിനീകരണം മനസിലാക്കുന്നു, മാലിന്യസംസ്കരണ രീതികൾ -അന്വേഷണാത്മക പ്രവർത്തനങ്ങൾ (സുസ്ഥിര പരിസ്ഥിതിയും-ആരോഗ്യ പ്രശ്നങ്ങളും പരിഹാരമാർഗങ്ങൾ കണ്ടെത്തി പ്രയോഗിക്കുക )

ലക്ഷ്യം - **8,9,10** കുട്ടികൾക്ക് സാമൂഹ്യ പ്രതിബദ്ധത, തീരുമാനമെടുക്കൽ എന്നിവയിൽ ശേഷിവികാസം കൈവരിക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രവത്തനക്രമം | വിഷയ സമിതി ,എസ്.എസ് .ജി | ജൂൺ- ആഗസ്റ്റ് | 10000 | മാനേജർ |
| പ്രവർത്തനഗ്രൂപ്പ് | വിഷയ സമിതി,എസ്.എസ് .ജി | ആഗസ്റ്റ് -നവംമ്പർ | | പി.ടി.എ |
| മേഖല | വിഷയ സമിതി,എസ്.ആർ.ജി | ആഗസ്റ്റ് -നവംമ്പർ | | എസ്.എസ് .ജി |
| അന്വേഷണാത്മകപ്രനർത്തനങ്ങൾ | എസ്.എസ് .ജി,എസ്.ആർ.ജി | ആഗസ്റ്റ് -നവംമ്പർ | | |

പഠനാനുബന്ധപ്രവർത്തനങ്ങൾ- **വ്യക്തിഗതം** ക്ലാസ് തലം സ്കൂൾ തലം

1)തനത് പ്രവർത്തനങ്ങൾ –

പ്രശ്നം - 8 ശാസ്ത്രത്തിന്റെ നേട്ടത്തിൽ അഭിമാനിക്കുക,ശാസ്ത്രനേട്ടങ്ങൾ സമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തുക.

ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക എന്ന ശാസ്ത്ര ബോധകറവ്

പ്രവർത്തനം - ശാസ്ത്രജ്ഞരുടെ ജീവിത അനുഭവങ്ങൾ ,അവർ ഉയർത്തിയ മാനവിക മൂല്യങ്ങൾ ,അവരുടെ ശാസ്ത്രീയ മനോഭാവങ്ങൾ

വായന , മോട്ടിവേഷൻ ക്ലാസുകൾ ,വിവരസാങ്കേതിക സംവിധാനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ,സെമിനാർ

ലക്ഷ്യം - വായന -എന്റെ ലഹരി ശാസ്ത്രത്തിലെ -ഊർജ്ജം ,ജീവൻ , രസം ഇവകണ്ടെത്തി പുതിയ തലങ്ങളിൽ പ്രയോഗിക്കുക, ഉൾക്കൊള്ളുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രവത്തനക്രമം | വിഷയ സമിതി ,എസ്.എസ് .ജി | ജൂൺ- ആഗസ്റ്റ് | 10000 | മാനേജർ |
| പ്രവർത്തനങ്ങൾ -വായന | വിഷയ സമിതി,എസ്.എസ് .ജി | ആഗസ്റ്റ് -നവംമ്പർ | | പി.ടി.എ |
| മോട്ടിവേഷൻ ക്ലാസുകൾ | വിഷയ സമിതി,എസ്.ആർ.ജി | ആഗസ്റ്റ് -നവംമ്പർ | | എസ്.എസ് .ജി |
| സെമിനാർ വിവിധതലം | എസ്.എസ് .ജി,എസ്.ആർ.ജി | ആഗസ്റ്റ് -നവംമ്പർ | | |

പഠനാനുബന്ധപ്രവർത്തനങ്ങൾ- വ്യക്തിഗതം ക്ലാസ് തലം സ്കൂൾ തലം **ശാസ്ത്രം**

ജൂൺ -5 പരിസ്ഥിതി ദിനം ജൂൺ -19 വായനദിനം ക്ലാസ് - 8 , 9 ,10 തനത് പ്രവർത്തനങ്ങൾ

| പഠനലക്ഷ്യങ്ങൾ | പഠനപടവുകൾ | പഠനപ്രവർത്തനങ്ങൾ | പഠനസാമഗ്രികൾ | കാലം സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1)സുസ്ഥിര പരിസ്ഥിതിയും-ആരോഗ്യ പ്രശ്നങ്ങളും പരിഹാരമാർഗങ്ങൾ കണ്ടെത്തി പ്രയോഗിക്കുക | പരിസ്ഥിതി ആഘാതങ്ങൾ മനസിലാക്കുന്നു. ജലസ്രോതസുകളുടെ മലിനീകരണം മനസിലാക്കുന്നു മാലിന്യസംസ്കരണ രീതികൾ മനസിലാക്കുന്നു. | അന്വേഷണാത്മക പ്രവർത്തനങ്ങൾ **(ക്ലാസ് തലം)** | ലാബ്, എക്സ്പേർട്ടുകൾ ഡേറ്റകൾ | ഒരു മാസം<br>നാലോ-അഞ്ചോ മാസം | | [illegible] |
| 2)അറിവിന്റെ ലോകത്തിൽ ശാസ്ത്രജ്ഞരുടെ സംഭാവനകൾ മനസിലാക്കി-വായന കണ്ണിലൂടെ,കാതിലൂടെ ,വിരലുകളിലൂടെ പ്രായോഗിക സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുക. | a)ശാസ്ത്രജ്ഞരുടെ ജീവിത അനുഭവങ്ങൾ<br>b)അവർ ഉയർത്തിയ മാനവിക മൂല്യങ്ങൾ<br>c)അവരുടെ ശാസ്ത്രീയ മനോഭാവങ്ങൾ | വായന , മോട്ടിവേഷൻ ക്ലാസുകൾ ,വിവരസാങ്കേതിക സംവിധാനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി സെമിനാർ **(വ്യക്തിഗതം )** | ലൈബ്രറി മോട്ടിവേറ്റർ ഇന്റർനെറ്റ് | ഒരു വർഷം<br>മൂന്ന് വർഷം | [illegible] | [illegible] |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | മാസം /സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| കുട്ടികളിൽ ചരിത്രാവബോധം വളർത്തി യെടുക്കൽ | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു ( കോയിക്കൽ കൊട്ടാരം നെടുമങ്ങാട് തിരുവനന്തപുരം മ്യൂസിയം) | അക്കാദമിക വർഷം മുഴുവനും ആയി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ . | എസ്. എസ്. ക്ലബ് സാമൂഹ്യശാസ്ത്ര അധ്യാപകർ | പി ടി എ സ്പെഷ്യൽ ഗ്രാന്റ് | ബി ആർ സി |
| 2. ഭൂപട വായനശേഷി വളർത്തൽ . | ഭൂപട നിർമ്മാണം, അറ്റ്ലസ് നിർമ്മാണം, ഗ്ലോബ് നിർമ്മാണം, ഭൂപടവുമായി ബന്ധപ്പെട്ട പസിൽ നിർമ്മാണം. | ജൂൺ ജൂലൈ ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | പഠന വിഭവ സിഡി, ഗ്ലോബ്, മാപ്പ്, അറ്റ്ലസ് | ബി ആർ സി |
| 3. കുട്ടികളിൽ ജനാധിപത്യ ബോധം പൗരബോധം എന്നിവ വളർത്തി യെടുക്കുക . | മോഡൽ പാർലമെന്റ് രൂപീകരണം, സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ. | സെപ്റ്റംബർ | എസ് എസ് ക്ലബ്ബ്,സാമൂഹ്യശാസ്ത്ര അധ്യാപകർ | തെരഞ്ഞെടുപ്പ് സാമഗ്രികൾ | പാർലമെന്ററി വകുപ്പ് |
| 4. പ്രകൃതി സംരക്ഷണം | ഔഷധ സസ്യ തോട്ട നിർമ്മാണം - സ്കൂൾ പരിസരത്ത് ഔഷധസസ്യങ്ങൾ വെച്ച് പിടിപ്പിക്കൽ | ഒക്ടോബർ | എസ് എസ് ക്ലബ്ബ് സാമൂഹ്യശാസ്ത്ര അധ്യാപകർ | പി ടി എ | |
| 5. കുട്ടികളിൽ ചരിത്രബോധം വളർത്തി യെടുക്കൽ. | പുരാവസ്തു പ്രദർശനം, സാമൂഹ്യശാസ്ത്രപുസ്തകങ്ങളുടെ പ്രദർശനം. | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ, സ്കൂൾ ലൈബ്രറി | ബി ആർ സി |
| 6.ചരിത്ര ബോധവും പൊതുവിജ്ഞാനവും വളർത്തുക . | വെർച്വൽ ടൂർ- ആഗോളതലത്തിൽ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കും സ്മാരകങ്ങളിലേക്കും വെർച്വൽ ടൂർ സംഘടിപ്പിക്കുക. | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | ഇന്റർനെറ്റ് | |

| | | | | | |
|---|---|---|---|---|---|
| 7. കുട്ടികളിൽ ഉയർന്ന നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | [illegible] | ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ | ന്യൂസ് പേപ്പർ കട്ടിംഗ്സ് | |
| 8. ചരിത്രരചന പാടവം വളർത്തിയെടുക്കുക | പ്രാദേശിക ചരിത്രരചന കുട്ടികളെ പ്രാപ്തരാക്കുന്നതിന് സെമിനാർ സംഘടിപ്പിക്കുന്നു | ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ | ചരിത്ര പുസ്തകങ്ങൾ | ബി ആർ സി,പുരാവസ്തു വകുപ്പ് |
| 9 ചരിത്ര ബോധം വളർത്തിയെടുക്കുക | ചരിത്ര സംഭവങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പിക്ചർ ആൽബം തയ്യാറാക്കൽ. | മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ | ചരിത്ര പുസ്തകങ്ങൾ, പേപ്പർ കട്ടിംഗ്സ് | ബി ആർ സി |
| 10. സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സ്കൂളിലെ വെതർ സ്റ്റേഷൻ ഉപയോഗപ്പെടുത്തിക്കൊണ്ട് കാലാവസ്ഥ നിരീക്ഷണം നടത്തുക | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | വെതർ സ്റ്റേഷൻ | |

# ഐ .റ്റി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നമ്മുടെ നിത്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിവരവിനിമയ സാങ്കേതിക വിദ്യ വിപുലവും വിസ്മയകരവുമായ നിരവധി മാറ്റങ്ങൾ വരുത്തിയിരിക്കുകയാണ്.അതിനാൽ ഐ റ്റി അധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അനന്ത സാദ്ധ്യതകൾ കുട്ടികളിലേക്ക് എത്തിക്കുക , ഈ മേഖലയിൽ മികവ് പുലർത്തുന്ന കുട്ടികളെ സംസ്ഥാന തലം വരെയുള്ള ഐ ടി മൽസരങ്ങളിൽ എത്തിക്കുക . | 1.യു പി തലത്തിലുള്ള കുട്ടികൾക്ക് ലാപ്ടോപ്പ് കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകുന്നു. 2.ഫോൾഡറുകൾ നിർമിക്കുന്നതിനും ടക്സ്റ്റ് പെയിന്റ് പോലുള്ള അപ്ലിക്കേഷൻ ഉപയോഗിച്ച് പെയിന്റ് ചെയ്യുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നൽകുന്നതിലൂടെ ഡിജിറ്റൽ പെയിന്റിംഗ് ഉൾപ്പെടെയുള്ള മത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. 3.Scribus ,Synfig studio , Inkscape തുടങ്ങിയ ആപ്ലിക്കേഷൻസ് കുട്ടികളെ പരിശീലിപ്പിക്കുന്നതിലൂടെ പോസ്റ്റർ നിർമ്മാണം , അനിമേഷൻ തുടങ്ങി തൊഴിൽ സാദ്ധ്യതകൾ ഏറെയുള്ള മേഖലയിലേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നു. | ജൂൺ , ജൂലൈ ഓഗസ്റ്റ്<br>ഓഗസ്റ്റ് -മാർച്ച് | യു പി അദ്ധ്യാപകർ<br>8,9,10 ക്ലാസ്സുകളിൽ ഐ റ്റി പഠിപ്പിക്കുന്ന അദ്ധ്യാപകർ |
| വിവര സാങ്കേതിക വിദ്യയിലൂടെ പഠനം കൂടുതൽ മികവുറ്റതും ആസ്വാദ്യകരവുമാക്കുക | 1.ക്ലാസ് റൂമുകളിൽ ഐ സി റ്റി സാധ്യത പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠപുസ്തകങ്ങൾക്ക് പുറത്തേക്ക് കുട്ടിയുടെ അറിവ് വർദ്ധിപ്പിക്കുക. | ജൂലൈ -മാർച്ച് | |

| | | | |
|---|---|---|---|
| | 2.സമഗ്ര ഉപയോഗപ്പെടുത്തി ഓരോ പാഠഭാഗത്തിന്റെയും Presentation , Video ,Interactive Activities എന്നിവ മനസിലാക്കാനും കുട്ടിയെ പ്രാപ്തരാക്കുക.<br>ന.ഇന്റർനെറ്റ് , AI തുടങ്ങിയവയുടെ ഉപയോഗവും സാധ്യതകളും കുട്ടികളിലേക് എത്തിക്കുന്നതോടൊപ്പം അവയുടെ ദോഷവശങ്ങളെക്കുറിച്ചും ബോധവത്കരണം നൽകുന്നു. | ജൂലൈ -മാർച്ച് | യു പി എച്ച് എസ് വിഭാഗം ഐ ടി കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ . |

# അറബിക്

| | ലക്ഷ്യം | പ്രവർത്തനം | സമയം |
|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | **1. മികവിന്റെ വഴിയിൽ**<br>► ആദ്യ ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമിക്കൽ<br>► ഭാഷ കളികൾ | *2* months |
| | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | **2. വായനവസന്തം**<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന | *6* months |
| | വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക. | **3. എഴുത്തുത്സവം**<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമാണം<br>► വായന കുറിപ്പ് ശേഖരണം<br>► ഇൻലന്റ് മാഗസിൻ<br>► ചുമർ ചിത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷ കളികൾ | *10* months |
| | ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക. | **4. അറബിക് കമ്മ്യൂണിക്കേഷൻ**<br>► ആശയ വിനിമയ വേദി ക്ലാസ്തലം , സ്കൂൾതലം<br>► മൊബൈൽ ലിസണിങ്, സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് മേള (നാടകം, മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷ കളികൾ<br>അറബിക് അസംബ്ലി<br>► ഭാഷാ പ്രദർശനം<br>► ഭാഷ ക്യാമ്പ് | *6* months |

| | | | |
|---|---|---|---|
| | | 5. ലാംഗ്വേജ്<br><br>► അറബി ഭാഷ സാഹിത്യ ശൈലികൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റീസ്<br><br>6.ദിനാചരണങ്ങൾ | 6 months |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ,ഭരതന്നൂർ

| | | |
|---|---|---|
| അദ്ധ്യാപികയുടെ പേര് | സലീന ബീവി.ഇ | |
| ആരോഗ്യ കായിക വിദ്യാഭ്യാസം | പ്രവർത്തനം :- 1 | സമ്പൂർണ്ണ കായിക ക്ഷമത |
| | ലക്ഷ്യങ്ങൾ | മുഴുവൻ കുട്ടിളുടെയും കായിക ക്ഷമത ഉറപ്പാക്കുന്നു. |
| | | കായിക ക്ഷമതയിലൂടെ ശാരീരിക വളർച്ചയും ,മാനസിക വികാസവും നേടുന്നു . |

| പ്രവർത്തനം 1 | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടക ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| സമ്പൂർണ്ണ കായികക്ഷമത | കായിക ക്ഷമതയെ കുറിച്ചും ,കായിക ക്ഷമത കൈവരിക്കുന്നതിന് ഉള്ള വിവിധ വ്യായാമങ്ങളും പരിചയപ്പെടുത്തുന്നു .<br>പ്രീ ടെസ്റ്റ് BMI കണക്കാക്കുന്നു.<br>എറോബിക് വർക്ഔട്ട് ,<br>ഭിന്നശേഷി കുട്ടികളെ കൂടി എല്ലാ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തുന്നു.<br>യോഗ<br>കണ്ടീഷനിംഗ്<br>പോസ്റ്റ് ടെസ്റ്റ്<br>വ്യക്തിഗത അനുഭവ കുറിപ്പ് | ജൂൺ മുതൽ ഡിസംബർ വരെ | വിസിൽ സ്റ്റോപ്പ് വാച്ച് , യോഗ മാറ്റ് , ടേപ്പ് , വെയിംഗ് മെഷീൻ | PET | SRG | 2000 |

പ്രവർത്തനം :2 -മേജർ ഗെയിംസ്, മേജർ ഗെയിംസ് -നെ കുറിച്ച് കൂടുതൽ ധാരണ വരുന്നു ,സബ്ജില്ല, ജില്ല ,സംസ്ഥാന അന്തർ സംസ്ഥാന മത്സരങ്ങളിൽ മികച്ച പ്രകടനം നടത്താൻ പ്രാപ്തരാക്കുന്നു

| പ്രവർത്തനം 2 | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടക ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| മേജർ ഗെയിംസ് പരിശീലനം | ഹോക്കി<br>ഫുടബോൾ<br>കബഡി<br>ബാഡ്മിന്റൺ<br>ടേബിൾ ടെന്നീസ്<br>അത്ലറ്റിക്സ്<br>വോളിബോൾ<br>ചെസ്സ്<br>ഖോ-ഖോ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹോക്കി സ്റ്റിക്ക് ,ബോൾ ഫുട്ബോൾ , റാക്കറ്റ് , കോക്ക് , ടേബിൾ നെറ്റ് , ബാറ്റ് ,ബോൾ , ഷോട്ട് പുട്ട് , ഡിസ്ക് , ജാവലിൻ , ഹർഡിൽസ് ,ഹൈ ജമ്പ് സ്റ്റാൻഡ് , റിലേ ബാറ്റൺ , സ്റ്റോപ്പ് വാച്ച് , വിസിൽ | PET | SRG<br><br>PTA | 2000<br><br>5000 |

പ്രവർത്തനം 3 : ചെസ്സ് എന്ന ഗെയിമിനെ കുറിച്ചറിയുക

| പ്രവർത്തനം 3 | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടക ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| സമ്പൂർണ്ണ ചെസ്സ് സാക്ഷരത എന്ന നേട്ടം കൈവരിക്കൽ | തിരഞ്ഞെടുത്ത കുട്ടികൾക്ക് ആദ്യ ഘട്ടപരിശീലനം നൽകുന്നു.<br>പരിശീലനം നേടിയ കുട്ടികൾ അവരവരുടെ ക്ലാസിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നു .<br>ക്ലാസ് തല മത്സരം സംഘടിപ്പിക്കൽ<br>സ്കൂൾ തല മത്സരം നടത്തുന്നു<br>തുടർന്ന് സബ്ജില്ലാ ,ജില്ല ,സംസ്ഥാനം | ജൂലൈ മുതൽ ഡിസംബർ വരെ | ചെസ്സ് ബോർഡ് | PET | SRG<br>PTA | 2000 |

പ്രവർത്തനം 4 : പാഠപുസ്തകവുമായി ബന്ധപ്പെട്ട് ,8,9,10 ക്ലാസ്സുകളിൽ പഠനവും പ്രാക്ടിക്കലും

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടക ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| പാഠപുസ്തകവുമായി ബന്ധപ്പെട്ട ക്ലാസ് റൂം പഠനവും , പ്രാക്ടിക്കലും | ക്ലാസ് റൂം ടീച്ചിംഗ് പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഭിന്നശേഷി കുട്ടികളെ കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രാക്ടിക്കൽ ക്ലാസും ഗ്രൗണ്ടിൽ നടത്തുന്നു . | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചിംഗ് മാന്വൽ പ്രൊജക്ടർ ലാപ്ടോപ്പ് കായിക ഉപകരണങ്ങൾ | PET | SRG | 2000 |

പ്രവർത്തനം:5 ഫീൽഡ് ട്രിപ്പ്

ലക്ഷ്യങ്ങൾ : ആരോഗ്യ കായിക വിദ്യാഭ്യാസത്തിലെ ഉദ്ഗ്രഥിത സാധ്യതകൾ തിരിച്ചറിയുന്നു.
കായിക മേഖലയിലെ നൂതന പശ്ചാത്തലം കൂടി മനസിലാക്കുന്നു.
ആരോഗ്യ കായിക വിദ്യാഭ്യാസത്തിലെ തുടർ പഠന പ്രവർത്തനങ്ങൾ സാധ്യതകൾ ,കോഴ്സുകൾ കുട്ടികൾ മനസിലാക്കുന്നു.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടക ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ഫീൽഡ് ട്രിപ്പ് | LNCPE<br>GREEN FIELD STADIUM | ഫെബ്രുവരി | - | PET | SRG<br>PTA | 3000 |

പ്രവർത്തനം:6 സ്കൂൾ കായിക മേളകൾ

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘാടക ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| സ്കൂൾ കായിക മേള സംഘടിപ്പിക്കൽ | കുട്ടികളെ 4 ഹൗസുകളാക്കി തീച്ച ഓരോ ഹൗസിനും ഓരോ ക്യാപ്റ്റൻ എന്നിവരെ തിരഞ്ഞെടുക്കുന്നു . ഓരോ ഹൗസിൽ നിന്നും മത്സരത്തിനുള്ളവരുടെ പേര് വിവരങ്ങൾ ശേഖരിക്കുന്നു | ജൂലൈ മുതൽ ഓഗസ്റ്റ് വരെ | കായികോപകാരണങ്ങൾ . അത്ലറ്റിക് ഉപകരണങ്ങൾ | PET | SRG PTA SMC MPTA FULL STAFF | 15000 |

# കലാവിദ്യാഭ്യാസം

## ക്ലാസ് : 8

ജൂൺ, ജൂലൈ

1. സംഗീതത്തിൽ ശബ്ദത്തിന്റെ ഉയർച്ച താഴ്ചകൾ മനസ്സിലാക്കുന്നു (സ്ഥായി).
2. ചിത്രകലയിലെ സുപ്രധാന നിയമമായ പെഴ്സ്പെക്റ്റീവ്, ചിത്രങ്ങളുടെ സഹായത്തോടെ പരിചയപ്പെടുന്നു.
3. ഫ്ളാഷ് മോബിന്റെ ആവശ്യകത, പ്രത്യേകത എന്നിവ മനസ്സിലാക്കുന്നു.

ആഗസ്റ്റ്, സെപ്റ്റംബർ

1. മണ്ണൊരുക്കാം മനമൊരുക്കാം – ശില്പ നിർമ്മാണത്തിന് ആവശ്യമായ കളിമണ്ണ് പാകപ്പെടുത്തുന്നു. വിവിധ ശില്പനിർമ്മാണ രീതികൾ.
2. ജനപ്രിയ നൃത്തങ്ങൾ – വ്യത്യസ്തമായ നൃത്തരൂപങ്ങളെ തിരിച്ചറിയുന്നു.

ഒക്ടോബർ, നവംബർ

1. സംഗീതത്തിൽ താളത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
2. നിഴലും വെളിച്ചവും – ചിത്രകലയിലെ സുപ്രധാന നിയമം
   ത്രിമാനത്വം, വസ്തുക്കളുടെ യഥാർത്ഥ രൂപം, കാലം, ദൂരം എന്നിവ ചിത്രത്തിൽ കൊണ്ടുവരാൻ ഇരുളും വെളിച്ചവും നിയമ പ്രകാരം ഷേഡ് ചെയ്യുന്നു.

ഡിസംബർ, ജനുവരി

1. സംഘനൃത്തങ്ങൾ – വിവിധ സംഘനൃത്തങ്ങളെ കുറിച്ചുള്ള പഠനം. തിരുവാതിരക്കളി, കൈകൊട്ടിക്കളി, ഒപ്പന, വട്ടപ്പാട്ട്, മാർഗംകളി...
2. ലോഗോ നിർമ്മാണത്തിന്റെ പ്രാധാന്യം, അത് നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.
3. ഭരതനാട്യം – അസംയുക്ത മുദ്രകൾ, സംയുക്ത മുദ്രകൾ.
   ഭരതനാട്യത്തിലെ വിവിധ നിലകൾ.

ഫെബ്രുവരി, മാർച്ച്

1 മനുഷ്യരൂപങ്ങൾ വരയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. രൂപം, ഇരുൾ വെളിച്ചം, പ്രായം, വേഷം, അനാട്ടമി.

2. നാടക നിർമ്മാണ പ്രക്രിയ – നാടകം തെരഞ്ഞെടുക്കൽ, നാടക അപഗ്രഥനം, അവതരണ പാഠം തയ്യാറാക്കൽ, പ്രൊഡക്ഷൻ സ്ക്രിപ്റ്റ്, അഭിനയ കുറിപ്പ്, റിഹേഴ്സൽ പ്രക്രിയ, റിഹേഴ്സൽ മറ്റ് ഘടകങ്ങൾ, നാടക സംഘാടനം, അവതരണ ഡോക്യുമെന്റേഷൻ.
3. ചിത്രകലയിലെ കോമ്പോസിഷൻ –
   വരകൾ, വർണ്ണങ്ങൾ, രൂപങ്ങൾ, ആകൃതികൾ തുടങ്ങിയ കലയുടെ അടിസ്ഥാന ഘടകങ്ങൾ സൗന്ദര്യാത്മകമായും സർഗാത്മകമായും ക്രമീകരിക്കുന്ന രീതിയാണ് കോമ്പോസിഷൻ

## ക്ലാസ് 9

ജൂൺ

1. ഇന്ത്യയിൽ നിലനിന്നിരുന്ന തനത് ചിത്രരചനാ ശൈലികൾ പരിചയപ്പെടുന്നു.
   വാർളി, ഭീൽ, ഗോണ്ട്, പട്ടചിത്ര, മധുബാനി.....
2. കേരളത്തിലെ അനുഷ്ഠാന കലാരൂപമായ കളമെഴുത്തിനെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നു.

ജൂലൈ, ആഗസ്റ്റ്

1. വിവിധ സംഗീത രൂപങ്ങളെ പരിചയപ്പെടൽ
2. സിനിമാവിഷ്കാരത്തിന്റെ വിവിധ ഘട്ടങ്ങൾ.
3. പ്രിന്റിങ് ടെക്നോളജി വിവിധ രീതികൾ.

സെപ്റ്റംബർ, ഒക്ടോബർ

1. പെയിന്റിംഗ്- വ്യത്യസ്ത കാലഘട്ടങ്ങളിലൂടെ.
2. വിവിധ നാടൻകലാരൂപങ്ങൾക്കാവശ്യമായ മുഖംമൂടി തയ്യാറാക്കുന്നു. ഉദാഹരണം- പുലികളി

നവംബർ, ഡിസംബർ

1. രൂപകൽപ്പന (Design) - നിർമ്മിതികൾ, ഫാഷൻ, ക്രാഫ്റ്റ്, ഗ്രാഫിക്സ്, പ്രിന്റിംഗ്, എ.ഐ. തുടങ്ങിയ നിരവധി മേഖലകളിലെ രൂപകല്പനയുടെ പ്രാധാന്യം.
2. ചിത്രസംയോജനം (Video editing)- ചിത്രസംയോജനം, മൊണ്ടാഷ്, നിറക്രമീകരണം, ശബ്ദ ക്രമീകരണം, വീഡിയോ ഫോർമാറ്റുകൾ...

ജനുവരി, ഫെബ്രുവരി

1. ശില്പകല - ശില്പനിർമാണത്തിലെ അടിസ്ഥാന ഘടകങ്ങൾ, പ്രശസ്ത ശില്പികളും ശില്പങ്ങളും
2. അഭിനയ സംഗീതം - ക്ലാസിക്കൽ നൃത്തരൂപങ്ങൾ, നാടൻ നൃത്തരൂപങ്ങൾ
3. ശബ്ദവീചികൾ - പാട്ടുപാടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. ഓഡാസിറ്റി, ബി.ജി.എം, കരോക്കെ.

മാർച്ച്

1. സമൂഹം, കാഴ്ച്ച, ആശയം - വ്യത്യസ്ത കാലയളവിൽ വിവിധ ചിത്രകാരന്മാരുടെ സൃഷ്ടികൾ അവലോകനം ചെയ്യുന്നു.
2. അക്കാദമിക് റിയലിസം, റിയലിസം, നാച്ചുറലിസം എന്നീ കലാവിഷ്കാരങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു.

## ക്ലാസ് 10

ജൂൺ, ജൂലൈ

1. സംഗീത കച്ചേരി – കർണാടക സംഗീത കച്ചേരി ഒരു വിവരണം.
   അവതരണ സ്ഥലം : വീടുകൾ, തിയേറ്ററുകൾ, അരീനകൾ, ഹാളുകൾ, സ്റ്റേഡിയങ്ങൾ
2. പരസ്യകല – ഒരു ഉൽപ്പന്നം /സേവനം നിർദ്ദിഷ്ട ഉപഭോക്താക്കളിലേക്ക് എത്തിക്കാനുള്ള മാർഗം.
   ലോഗോ നിർമ്മാണം – കേരളത്തിന്റെ വൈവിധ്യമാർന്ന സംസ്കാരത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന രീതിയിൽ കേരള ടൂറിസത്തിന് വേണ്ടി ഒരു ലോഗോ തയ്യാറാക്കുന്നു.

ആഗസ്റ്റ്, സെപ്റ്റംബർ

1. കാഴ്ചയ്ക്കപ്പുറം – ഫോട്ടോഗ്രഫി
   നേച്ചർ ഫോട്ടോഗ്രഫി, സ്പോർട്സ് ഫോട്ടോഗ്രഫി, ക്രിയേറ്റീവ് ഫോട്ടോഗ്രഫി, ഫാഷൻ ഫോട്ടോഗ്രഫി, വൈൽഡ് ലൈഫ് ഫോട്ടോഗ്രഫി.
2. സമകാലിക ചിത്രകല – സമകാലിക ചിത്രകലയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മനസ്സിലാക്കുന്നു. കേരളത്തിൽ സമകാലിക ചിത്രകലയിലെ ശില്പ കലയിൽ ഏർപ്പെടുന്ന കലാകാരരെ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുന്നു.

ഒക്ടോബർ, നവംബർ

1. വാസ്തുവിദ്യയിലെ പ്രധാന ഘടകങ്ങൾ. ഇന്ത്യയിലെ പ്രശസ്തമായ നിർമ്മിതികൾ.
2. മ്യൂസിക് ഇൻഡസ്ട്രി – സംഗീതത്തിന്റെ വിപണന സാധ്യതകൾ. സിനിമകൾ, പരസ്യങ്ങൾ, ആൽബങ്ങൾ, സ്റ്റേജ് പ്രോഗ്രാമുകൾ, റിയാലിറ്റി ഷോകൾ, ഓൺലൈൻ ഫ്ളാറ്റ്ഫോമുകൾ...
3. ഗോത്രായനം – വിവിധ ഗോത്ര കലകളിലെ പാട്ടുകളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു. ഇരുള നൃത്തം. പണിയ നൃത്തം, മംഗലം കളി....

ഡിസംബർ, ജനുവരി

1. പേർഷ്യൻ– ഉറുദു സാഹിത്യത്തിലെ സവിശേഷമായ കവിതാരചന ശൈലിയായ ഗസലിന്റെ പ്രത്യേകതകൾ മനസ്സിലാക്കുന്നു.
2. ശില്പകലയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. പ്രതിഷ്ഠാപനകല (ഇൻസ്റ്റലേഷൻ ആർട്ട്) – പ്രശസ്ത പ്രതിഷ്ഠാപന കലകളെ പരിചയപ്പെടുന്നു.
3. ഫോട്ടോ സ്റ്റോറി – ഫോട്ടോകൾ ഒരു ശ്രേണിയായി ഉപയോഗിച്ച് കഥ പറയുന്ന രീതി.

ഫെബ്രുവരി, മാർച്ച്

1. ക്യൂറേഷൻ – ചിത്രപ്രദർശനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ആർട്ട് ക്യൂറേഷൻ, ആർട്ട് എക്ഷിബിഷൻ, ബിനാലെ – ഒരു വിവരണം.
2. അനിമേഷൻ – വിവിധ ഘട്ടങ്ങൾ, തിരക്കഥ, സ്റ്റോറിബോർഡ്, കലാസംവിധാനം, ചിത്രീകരണം, എഡിറ്റിംഗ്. സ്റ്റോപ് മോഷൻ സിനിമ പ്രദർശനം.